# ദേവാലയം



പുലർകാല കിരണങ്ങൾ നീളുന്ന വഴികളിൽ
ഇവിടെ ഞാനെത്ര നാൾ കാത്തു നിന്നു
കഥയറിയാതെ ഞാൻ നോക്കിനിന്നു.

ഇരുളും വെളിച്ചവും കൈകോർത്തു പിന്നെയും
ഇതിലേ നടക്കുന്ന സന്ധ്യകളിൽ
അകലത്തലുയരത്തിലെങ്ങുനിന്നോ നിൻെറ
തിരുനാമ കീർത്തനം കേട്ടിരുന്നു.
മിഴിതുറന്നങ്ങോട്ടു നോക്കുമ്പോളൊക്കെ നിൻ
സ്വർണ്ണക്കൊടിമരം കണ്ടിരുന്നു
വർണ്ണക്കൊടികളും കണ്ടിരുന്നു.

തഴുതിട്ട ഗോപുരനടവാതിൽ മുന്നിലായ്
പരിചയും വാളുമായപ്പൊഴും നിൻ
പടയാളിമാർ കാവൽ നിന്നിരുന്നു.

അന്നു ഞാനെൻെറ മനസ്സിനുള്ളിൽ
ഒരു കൃഷ്ണവിഗ്രഹം തീർത്തു വച്ചു
ഒരു നുള്ളു വെട്ടം കൊളുത്തി വച്ചു.

പിന്നെയൊരിക്കലുമീവഴിയിൽ
നിന്നില്ല ദർശനം നേടുവാൻ ഞാൻ
വന്നില്ലനുഗ്രഹം തേടുവാൻ ഞാൻ.

ഇന്നു ഞാനെന്റെ പൂക്കൂടയുമായ്
നിൻ സന്നിധാനത്തിൽ വന്നുനിന്നു.
മിഴികളടച്ചു തൊഴുതു നിന്നു

ഒരു കൃഷ്ണതുളസീദളത്തിലെന്റെ
കദനങ്ങളൊപ്പിയെടുത്തു നിന്റെ
പദതാരിലർപ്പിച്ചു നോക്കി നിന്നു.

പറയുന്നു നീയെന്നെ നോക്കി മന്ദംഃ
എന്റെ ദേവാലയം – അറിയുകില്ലേ
നിന്നന്തരാത്മാവിൽ മാത്രമല്ലേ? ■